'ഭരണഭാഷ-മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-1

നമ്പർ: ഐ1/15693/2016

തീയതി: 18/06/2016.

പ്രേഷകൻ

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും,
ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും,
ആർ.ഐ. സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ആസൂത്രണം - 13-ാമത് പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

****

12-ാം പഞ്ചവത്സര പദ്ധതി 2017 ൽ അവസാനിക്കുന്നതിനാൽ സർക്കാർ 13-ാം പഞ്ചവത്സര (2017-2022) പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേക്ക് വകുപ്പിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ശുപാർശ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലേക്കായി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അറിയിക്കേണ്ടതുണ്ട്. ആയതിനായി 24/06/2016 രാവിലെ 10.30 ന് തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ്ഹൗസിൽ പ്രിൻസിപ്പൽമാരുടെയും ട്രെയിനിംഗ് ഓഫീസർമാരുടെയും കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി കോൺഫറൻസിൽ എല്ലാ ഇൻസ്പെക്ടർ ട്രെയിനിംഗുമാരും, പ്രിൻസിപ്പാൾമാരും ട്രെയിനിംഗ് ഓഫീസർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ഗുരുതരമായ അച്ചടക്കലംഘനത്തിനുള്ള ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ ടി മീറ്റിംഗിൽ പങ്കെടുക്കുവാൻ സാധിക്കില്ലെങ്കിൽ മുൻകൂർ അനുമതി തേടേണ്ടതും പകരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതുമാണ്. ടി യോഗത്തിൽ പങ്കെടുക്കുന്നതിലേക്ക് ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ ഒരു റിപ്പോർട്ട് നൽകേണ്ടതാണ്.

- ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ അടുത്ത അഞ്ചു വർഷത്തിൽ വകുപ്പിൽ നടപ്പിലാക്കാവുന്ന പദ്ധതികളുടെ ലഘുവിവരങ്ങൾ തയ്യാറാക്കി നൽകേണ്ടതാണ്. (സാമ്പത്തിക വർഷം തിരിച്ച്), ഇങ്ങനെ തയ്യാറാക്കാവുന്ന പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഗുണഭോക്താക്കൾ, ഏകദേശ ചെലവ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
- ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്ഥാപനത്തിൽ അടുത്ത അഞ്ച് വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം നൽകേണ്ടതാണ്. ആയതിൽ ചുവടെ ചേർക്കുന്ന വിഷയങ്ങൾ ക്രമപ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ടായിരിക്കണം.

1. അഫിലിയേഷനു വേണ്ടി സംഭരിക്കേണ്ട സാധന സാമഗ്രികൾ - നിലവിൽ എത്ര ശതമാനം സംഭരിച്ചിട്ടുണ്ട്, ഇനി വേണ്ട സാധന സാമഗ്രികൾ (ശതമാനം കണക്കിൽ)
2. റീ അഫിലിയേഷനുവേണ്ടി സംഭരിക്കേണ്ട സാധന സാമഗ്രികൾ - നിലവിൽ സംഭരിച്ചവ, ഇനി സംഭരിക്കേണ്ടവ (ശതമാന കണക്കിൽ).
3. പുതിയ കെട്ടിട നിർമ്മാണം (ക്ലാസ്റൂം/വർക്ഷോപ്പ് മുതലായവ) കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകതയും, കെട്ടിട വിസ്തീർണ്ണവും (സ്ക്വയർ മീറ്റർ) നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.
4. പുതുക്കി പണിയേണ്ട ക്ലാസ്റൂം/വർക്ഷോപ്പ് കെട്ടിടങ്ങൾ - നിലവിലുള്ള കെട്ടിടത്തിന്റെ കാലപഴക്കം, പുതുക്കി പണിയേണ്ടതിന്റെ കാരണം എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.
5. പുതിയ ഇലക്ട്രിഫിക്കേഷൻ, റീവയറിംഗ്, ട്രാൻസ്ഫോർമർ സ്ഥാപിക്കുക തുടങ്ങിയവ സംബന്ധിച്ച്.
6. ഐ.ടി.ഐ. ക്യാമ്പസിലെ റോഡ് നിർമ്മാണം.
7. ലാന്റ്സ്കേപ്പിംഗ്, പൂന്തോട്ടം തുടങ്ങിയവ സംബന്ധിച്ച്.
8. ക്ലാസ്റൂം/വർക്ക്ഷോപ്പ് ആധുനിക രീതിയിൽ സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ ഉൾപ്പെടുത്തി നവീകരിക്കുന്നത് സംബന്ധിച്ച്. എത്ര ക്ലാസ്സ് റൂം/വർക്ഷോപ്പ് നവീകരിക്കണം, ഉപകരണങ്ങൾ, ചെലവ് എന്നീ വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം.
9. ക്ലാസ്സ്റൂം/വർക്ക്ഷോപ്പ് എന്നിവിടങ്ങളിലേക്ക് വേണ്ട ഫർണിച്ചർ റീപ്ലേസ് ചെയ്യുന്നത് സംബന്ധിച്ച്.
10. ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ പുതിയത് പണിയുക, പുതുക്കി പണിയുക എന്നിവ സംബന്ധിച്ച് - കെട്ടിടം നിർമ്മിക്കേണ്ട/പുതുക്കി പണിയേണ്ട ആവശ്യകത, കെട്ടിട വിസ്തീർണ്ണം (സ്ക്വയർ മീറ്റർ) എന്നിവ രേഖപ്പെടുത്തിയിരിക്കണം.

11. കളി സ്ഥലം

12. Students Toilet blocks, Women Amenity Centre എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

13. Water purifier/filter, incinerator തുടങ്ങിയവ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

14. ട്രേഡുകളുടെ റീവാംബിംഗ്, അഡീഷണൽ യൂണിറ്റ് ആരംഭിക്കൽ, പുതിയ ട്രേഡ് ആരംഭിക്കൽ തുടങ്ങിയവ സംബന്ധിച്ച്.

15. പോഷകാഹാര പദ്ധതിയിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച്.

16. Placement cell കളുടെ പ്രവർത്തനം വിപുലീകരിക്കുന്നത് സംബന്ധിച്ച്.

17. ഓഫീസ് കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് വേണ്ട ഉപകരണ സംഭരണം, ഫർണിച്ചർ സംഭരണം.

18. പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച് - പുതിയ ഐ.ടി.ഐ. സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും, ഐ.ടി.ഐ. സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സ്ഥലം, പഞ്ചായത്ത്, ബ്ലോക്ക്, താലൂക്ക്, ജില്ല എന്നിവ വ്യക്തമാക്കിയിരിക്കണം. നിലവിലെ സർക്കാർ ഐ.ടി.ഐ. കളിൽ നിന്നുള്ള അകലവും വ്യക്തമാക്കിയിരിക്കണം.

- ട്രെയിനിംഗ് ഓഫീസർമാർ ആർ.ഐ. സെന്ററുകളിൽ അടുത്ത അഞ്ച് വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് നൽകേണ്ടതാണ്.
- ഇതിന് പുറമെ വകുപ്പിൽ പൊതുവിൽ നടപ്പിലാക്കാവുന്ന പുരോഗമനപരമായ ആശയങ്ങൾ വിവര സാങ്കേതിക വിദ്യ ഫലപ്രദമായി നടപ്പിലാക്കാവുന്ന ആശയങ്ങളും നൽകേണ്ടതാണ്.

ടി വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് തയ്യാറാക്കേണ്ടതും, ആയതിന്റെ 3 പകർപ്പ് (spiral bind ചെയ്തത്) സഹിതം 24/06/2016 ലെ യോഗത്തിൽ ഹാജരാക്കേണ്ടതും ഇതിന്മേലുള്ള ചർച്ചയിൽ സജീവ. പങ്കാളിയാകേണ്ടതുമാണെന്ന് താല്പര്യപ്പെടുന്നു.

വിശ്വാസപൂർവ്വം,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എസ്.കെ. 18-06-16